# ചെപ്പ്

## 2എ

### ജി എൽ പി സ്കൂൾ വട്ടേനാട്

### ഡിജിറ്റൽ മാഗസിൻ



# ചെപ്പ്

## ഡിജിറ്റൽ മാഗസിൻ

## 2A



ഞങ്ങളുടെ ചെപ്പ്...
കുഞ്ഞു രചനകൾ
ചേർത്ത് ഞങ്ങളൊരുക്കിയ
ചെപ്പ് .എല്ലാവരും ചെപ്പു
തുറന്ന് ഇതിലെ
മുത്തുകൾ വായിച്ചു
നോക്കണം .ഞങ്ങൾ ഈ
ദുരിതകാലത്തെ
ക്രിയാത്മകമാക്കിയത്
ഇങ്ങനെയാണ് .ഓൺലൈൻ
ക്ലാസുകളിലൂടെയാണ്
ഇപ്പോൾ പഠിക്കുന്നത് .
അവയിലൂടെ ലഭിക്കുന്ന
അറിവുകളെ രചനകളാക്കി
മാറ്റുകയാണ് .കൂട്ടുകൂടാനും,
ഓടിക്കളിക്കാനും ,സ്വകാര്യം
പറയാനും ,തല്ലുകൂടാനും
ഞങ്ങൾക്കാവില്ല .അത്തരം
മധുരതരമായ ദിവസങ്ങൾ
തിരിച്ചുവരുമെന്ന പ്രതീക്ഷ
യോടെ ഈ ചെപ്പ് തുറക്കുന്നു .

ചെപ്പ്

# ചെറുത് വലുത്

മുഹമ്മദ് നബ്ഹാൻ . എം .വി


ചെറിയതെന്തുണ്ട് ?
ചെറിയ മൊട്ടുണ്ട് .
വലിയതെന്തുണ്ട് ?
വലിയ പൂവുണ്ട് .



ചെറിയതെന്തുണ്ട് ?
ചെറിയ ഉറുമ്പുണ്ട് .
വലിയതെന്തുണ്ട് ?
വലിയ ആനയുണ്ട് .



ചെറിയതെന്തുണ്ട് ?
ചെറിയ ആടുണ്ട് .
വലിയതെന്തുണ്ട് ?
വലിയ പശുവുണ്ട് .




പക്ഷികൾക്ക് സ്വാതന്ത്ര്യമാണ് സന്തോഷം



നീഹാര

ചെപ്പ്

ശ്രീനന്ദ്



അലൻ കൃഷ്ണ

# കോഴിക്കുഞ്ഞിൻെറ ആഗ്രഹം

കോഴിയും ,കുഞ്ഞുങ്ങളും തീറ്റതേടി നടക്കുകയായിരുന്നു. അപ്പോൾ ഒരു മരത്തിൽ ഊഞ്ഞാൽ കണ്ടു .കോഴിക്കു ഞ്ഞിന് ഒരാഗ്രഹം ഒന്നൂഞ്ഞാലാടണം . “അയ്യോ, വീഴും" കോഴിയമ്മ പറഞ്ഞു .കോഴിക്കുഞ്ഞ് ഊഞ്ഞാലാടി. ഒരു എലി, പൂച്ചയെ പേടിച്ച് മരത്തിൽകയറി .ഊഞ്ഞാൽ കണ്ടു. കയർ കടിച്ചു മുറിക്കാൻ തുടങ്ങി .കോഴികളും ,കുട്ടികളും പേടിച്ച് കരയാൻ തുടങ്ങി .ഇതുകേട്ട പൂച്ച ചാടിക്കയറി എലിയെപ്പിടിച്ചു .കോഴിക്കുഞ്ഞു വീഴാതെ പൂച്ച രക്ഷപ്പെടു ത്തി .

ചെപ്പ്

# കണ്ണില് മണ്ണാവും നോക്കിക്കോ ...

അനയ സാജ്



ആനവരുന്നത് കണ്ടില്ലേ
ആടിവരുന്നത് കണ്ടില്ലേ
മണ്ണിൻ നിറമാണയ്യയ്യാ
മണ്ണിൻ മലയാണയ്യയ്യാ



കോഴി വരുന്നത് കണ്ടില്ലേ
പാറിവരുന്നത് കണ്ടില്ലേ
തലയിൽ പൂവാണയ്യയ്യാ
തൂവൽ മിനുത്താണയ്യയ്യാ



ആടുവരുന്നത് കണ്ടില്ലേ
ചാടിവരുന്നത് കണ്ടില്ലേ
തലയിൽ കൊമ്പാണയ്യയ്യാ
പാറപോലുറപ്പാണയ്യയ്യാ



താറാവു വരുന്നത് കണ്ടില്ലേ
കുണുങ്ങി വരുന്നത് കണ്ടില്ലേ
വെള്ളത്തിൽ നീന്തുന്നയ്യയ്യാ
സുന്ദരിപ്പെണ്ണാണയ്യയ്യാ


ചെപ്പ്

# ചെറുത് വലുത്

ഹണികൃഷ്ണ

ചെറിയതെന്തുണ്ട്?
ചെറിയ മൊട്ടുണ്ട്.
വലിയതെന്തുണ്ട്?
വലിയ പൂവുണ്ട്.
ചെറിയതെന്തുണ്ട്?
ചെറിയ കുളമുണ്ട്.
വലിയതെന്തുണ്ട്?
വലിയ പുഴയുണ്ട്.
ചെറിയതെന്തുണ്ട്?
ചെറിയ തൈ ഉണ്ട്.
വലിയതെന്തുണ്ട്?
വലിയ മരമുണ്ട്.
ചെറിയതെന്തുണ്ട്?
ചെറിയ പുഴുവുണ്ട്.
വലിയതെന്തുണ്ട്?
വലിയ പാമ്പുണ്ട്.
ചെറിയതെന്തുണ്ട്?
ചെറിയ വിരലുണ്ട്.
വലിയതെന്തുണ്ട്?
വലിയ കയ്യുണ്ട്.
ചെറിയതെന്തുണ്ട്?
ചെറിയ കല്ലുണ്ട്.
വലിയതെന്തുണ്ട്?
വലിയ മലയുണ്ട്.

ചെപ്പ്


സുഗീത്
മഴ വന്നില്ല
മാനത്ത് കാറുകയറുന്നു
എന്നിട്ടും മഴ വന്നില്ല
സൂര്യനെ കാറുമറക്കുന്നു
എന്നിട്ടും മഴ വന്നില്ല
മാനത്ത് മഴവില്ല് വന്നു
എന്നിട്ടും മഴ വന്നില്ല
ഇളം കാറ്റ് വീശുന്നു
എന്നിട്ടും മഴ വന്നില്ല
മരങ്ങളാടി ഉലയുന്നു
എന്നിട്ടും മഴ വന്നില്ല
പറവകൾ പാറി അകലുന്നു
എന്നിട്ടും മഴ വന്നില്ല
ഇടിമിന്നലെല്ലാം കേൾക്കുന്നു
എന്നിട്ടും മഴ വന്നില്ല

ചെപ്പ്

## മഴ വന്നില്ല

സുനീഷ്

മാനത്തു കാറു കയറുന്നു
എന്നിട്ടും മഴ വന്നില്ല
സൂര്യനെ കാറു മറക്കുന്നു
എന്നിട്ടും മഴ വന്നില്ല
കിളികൾ പാറിപ്പോകുന്നു
എന്നിട്ടും മഴ വന്നില്ല
തവളകൾ ചാടിപ്പോകുന്നു
എന്നിട്ടും മഴ വന്നില്ല
കാറ്റു വീശിപ്പോകുന്നു
എന്നിട്ടും മഴ വന്നില്ല

മുഹമ്മദ് സിനാൻ പി



ചെപ്പ്

റാനിയ പി വി

# കണ്ണില് മണ്ണാവും നോക്കിക്കോ..

നായ വരുന്നതു കണ്ടില്ലേ
ഓടിവരുന്നതു കണ്ടില്ലേ
ബൗ  ബൗ കുരയാണയ്യയ്യാ
നീണ്ടൊരു വാലാണയ്യയ്യാ


കാക്ക വരുന്നതു കണ്ടില്ലേ
പാറിവരുന്നത് കണ്ടില്ലേ
കറുത്തനിറമാണയ്യയ്യാ
കാ..കാ കരയുന്നയ്യയ്യാ

പൂച്ച വരുന്നതു കണ്ടില്ലേ
പമ്മിവരുന്നത് കണ്ടില്ലേ
കട്ടുതിന്നും അയ്യയ്യാ
മ്യാവൂ കരയും അയ്യയ്യാ

തത്ത വരുന്നത് കണ്ടില്ലേ
പാറി വരുന്നത് കണ്ടില്ലേ
ചുവന്ന ചുണ്ടാണയ്യയ്യാ
കീ..കീ കരയുന്നയ്യയ്യാ


പശു വരുന്നത് കണ്ടില്ലേ
ചാടി വരുന്നത് കണ്ടില്ലേ
കൊമ്പുകൾ രണ്ടാണയ്യയ്യാ
പാലും ,തൈരും അയ്യയ്യാ




ചെപ്പ്

# എന്നിട്ടും മഴ വന്നില്ല




മാനത്തു കാറു കയറുന്നു.
എന്നിട്ടും മഴ വന്നില്ല.
സൂര്യനെ കാറു മറക്കുന്നു.
എന്നിട്ടും മഴ വന്നില്ല.
ഇടിമുഴക്കം കേൾക്കുന്നു .
എന്നിട്ടും മഴ വന്നില്ല.
തവളകൾ പേക്രോം കരയുന്നു
എന്നിട്ടും മഴ വന്നില്ല.
കാറ്റാഞ്ഞുവീശുന്നു .
എന്നിട്ടും മഴ വന്നില്ല.

ഷിഫ ഫൈസൽ .കെ വി

# കൂട്ടുകാരൻ

ചിത്രീകരണം :റസാന

പൂമണവും കൊണ്ടുവന്ന കള്ളനായ കാറ്റ്





മുകിലുകളെ മേച്ചുവന്നോരാട്ടിടയൻ കാറ്റ്



കുതികുതിച്ചു തടികുലുക്കി വെറിയനായ കാറ്റ്

വറവിടുന്ന മണവുമായി കൊതിയനായ കാറ്റ്



കോതി വച്ച മുടി പറത്തി വികൃതിയായ കാറ്റ്





നിലവിളക്കിൻ തിരികെടുത്തി കുസൃതിയായ കാറ്റ്



വേനലിലും കുളിരുതരും കൂട്ടുകാരൻ കാറ്റ്

തളിരിലതന്നരുമയായി നനുനനുത്ത കാറ്റ്



ചെപ്പ്

# കൂട്ടുകാരി

ആദിദേവ് ഹരി



എൻെറ വീട്ടിലെ സുന്ദരിപ്പൂച്ചയാണ് കിട്ടുപ്പൂച്ച .നല്ല വികൃതിയാണ് കിട്ടു .എൻെറ വീടിൻെറ ഓടുവരെ ഇളക്കി വക്കാറുണ്ട് .പിങ്കിപ്പൂച്ചയുടെ കൂട്ടുകാരിയാണ് കിട്ടു . എന്നാലും കിട്ടുവിനെ എനിക്ക് ഇഷ്ടമാണ് .

# ചങ്ങാതിത്തത്ത

അജിൻ കൃഷ്ണ

പച്ചത്തത്ത പനന്തത്ത
ചങ്ങാതിത്തത്ത
അവൾക്കുമുണ്ടേ അഴകു വിടർത്തും
ചോന്നുതുടുത്തൊരു ചുണ്ട് .
പയറും ,നെല്ലും തിന്നുമ്പോൾ
അവളെക്കാണാൻ എന്തൊരു ചന്തം
അവളാണെന്നുടെ ചങ്ങാതി
തത്തച്ചങ്ങാതി .



ചെപ്പ്

# പൂമ്പാറ്റ

അനഘ .ടി പി



പുള്ളിയുടുപ്പിട്ട പൂമ്പാറ്റേ
പുത്തനുടുപ്പിട്ട പൂമ്പാറ്റേ
പൂവുകൾ തോറും പാറിനടക്കും
പുള്ളിപ്പൂമ്പാറ്റേ
നിന്നെ കാണാൻ എന്തൊരു ഭംഗി
പുള്ളിപ്പൂമ്പാറ്റേ

# എൻെറ നാട്

റിദ ഫാത്തിമ്മ

മലയുണ്ട് ,പുഴയുണ്ട്
മരമുണ്ട് നാട്ടിൽ
വെള്ള ,മഞ്ഞ ,ചുവപ്പ്പൂക്കളു
ണ്ട് നാട്ടിൽ



# ചക്കരമാവിൻ കൊമ്പത്ത്

അനന്യ .പി



ചക്കരമാവിൻ കൊമ്പത്ത്
കിന്നാരം പറയുവതാരാണ്?
ചക്കരമാവിൻ കൊമ്പത്ത്
കിന്നാരം പറയും തത്തമ്മ



ചക്കരമാവിൻ കൊമ്പത്ത്
ഒളിച്ചിരിക്കുവതാരാണ്?
ചക്കരമാവിൻ കൊമ്പത്ത്
ഒളിച്ചിരിക്കും പൂച്ചമ്മ



ചക്കരമാവിൻ കൊമ്പത്ത്
വരിയായ് പോകുവതാരാണ്?
ചക്കരമാവിൻ കൊമ്പത്ത്
വരിയായ് പോകും കുഞ്ഞുറുമ്പ്



ചക്കരമാവിൻ കൊമ്പത്ത്
പൊത്തിലൊളിക്കുവതാരാണ്?
ചക്കരമാവിൻ കൊമ്പത്ത്
പൊത്തിലൊളിക്കും പാമ്പല്ലോ


## മനോഹരം

അർച്ചന ടി എം



## കുട

ആര്യാനന്ദ .എച്ച്



വളഞ്ഞകാലുള്ള കുട
മഞ്ഞക്കുട
ചുവന്നപുള്ളിയുള്ള കുട
നിവർത്തിവച്ച കുട

# എന്നിട്ടും മഴ വന്നില്ല

ആര്യനന്ദ .കെ എ

മാനത്തു കാറു കയറുന്നു
എന്നിട്ടും മഴ വന്നില്ല .
സൂര്യനെ കാറു മറക്കുന്നു
എന്നിട്ടും മഴ വന്നില്ല .
ഇടിമുഴക്കം കേൾക്കുന്നു
എന്നിട്ടും മഴ വന്നില്ല .
ഇടിമിന്നൽ കാണുന്നു
എന്നിട്ടും മഴ വന്നില്ല .
കാറ്റുനന്നായ് വീശുന്നു
എന്നിട്ടും മഴ വന്നില്ല .
തവളകൾ പേക്രോം കരയുന്നു
എന്നിട്ടും മഴ വന്നില്ല .
മയിലുകൾ പീലി വിടർത്തുന്നു
എന്നിട്ടും മഴ വന്നില്ല .
ചീവീടുകൾ കരയുന്നു
എന്നിട്ടും മഴ വന്നില്ല .
പക്ഷികൾ കലപില കൂട്ടുന്നു
എന്നിട്ടും മഴ വന്നില്ല .

# കേരളം

അശ്വനി

പാടുന്ന പുഴകളുള്ള എൻെറ കേരളം
ആടുന്ന മയിലുകളുള്ള എൻെറ കേരളം
ഒഴുകുന്ന കാട്ടാറുള്ള എൻെറ കേരളം
തുള്ളുന്ന കടലുകളുള്ള എൻെറ കേരളം
എൻെറ കേരളം എത്ര സുന്ദരം

കാറ്റിലാടും പൂക്കളുള്ള എൻെറ കേരളം
നിരനിരയായ് തെങ്ങുകളുള്ള എൻെറ കേരളം
കതിരണിഞ്ഞ വയലുകളുള്ള എൻെറ കേരളം
എൻെറ കേരളം എത്ര സുന്ദരം

കുയിലിൻെറ പാട്ടുകേൾക്കും എൻെറ കേരളം
പൂമ്പാറ്റകൾ പാറിനടക്കും എൻെറ കേരളം
പൂവുകൾ വർണ്ണം വിതറും എൻെറ കേരളം
നീല നീല മലകളുള്ള എൻെറ കേരളം
എൻെറ കേരളം എത്ര സുന്ദരം



# ചന്തം

അയിഷ റിഫ

ആന വരുന്നത് കണ്ടില്ലേ ?
ആടി വരുന്നത് കണ്ടില്ലേ ?
മണ്ണിൻ നിറമാണയ്യയ്യ !
മണ്ണിൻ മലയാണയ്യയ്യ !
കോഴി വരുന്നത് കണ്ടില്ലേ ?
കൂകി വരുന്നത് കണ്ടില്ലേ ?
തലയിൽ പൂവാണയ്യയ്യ !
തൂവൽ മിനുത്താണയ്യയ്യ !
മുയൽ വരുന്നത് കണ്ടില്ലേ ?
ചാടി വരുന്നത് കണ്ടില്ലേ ?
വെളുത്ത നിറമാണയ്യയ്യ !
എന്തൊരു ഭംഗി അയ്യയ്യ !
മയിൽ വരുന്നത് കണ്ടില്ലേ ?
പറന്ന് വരുന്നത് കണ്ടില്ലേ ?
പീലി നിവർത്തി വരുന്നുണ്ടേ !
എന്തൊരു ചന്തം അയ്യയ്യ !
അണ്ണാൻ വരുന്നത് കണ്ടില്ലേ ?
ചാടി വരുന്നത് കണ്ടില്ലേ ?
മണ്ണിൻ നിറമാണയ്യയ്യ !
ചിൽ ചിൽ ചിലക്കുന്നയ്യയ്യ !

# നാട്

ആവണി





# എന്നിട്ടും മഴ വന്നില്ല

ഭഗത്



മാനത്ത് കാറുകയറുന്നു
എന്നിട്ടും മഴ വന്നില്ല
സൂര്യനെ കാറു മറക്കുന്നു
എന്നിട്ടും മഴ വന്നില്ല
മഴയൊന്നു പെയ്താൽ
മുറ്റം നിറയും
മുറ്റത്തെനിക്ക് തോണിയിറക്കാം
മഴത്തൊന്നു കളിച്ചീടാം
മഴയേ വാ..മഴയേ വാ..
കാറ്റാഞ്ഞു വീശുന്നു
എന്നിട്ടും മഴ വന്നില്ല
മഴയേ വാ..മഴയേ വാ..

ചെപ്പ്

# നാട്

ദിയ .എം .വി



ചെപ്പ്

# മരമുത്തശ്ശി

ഫാത്തിമ്മ നഹ്ദ .വി



മരമുത്തശ്ശി മരമുത്തശ്ശി
ഞങ്ങടെ സ്വന്തം മുത്തശ്ശി
തണലുതരുന്നൊരു മുത്തശ്ശി
ഞങ്ങടെ സ്വന്തം മുത്തശ്ശി
പഴങ്ങൾ തരും മുത്തശ്ശി
ഞങ്ങടെ സ്വന്തം മുത്തശ്ശി
കിളികൾക്കെല്ലാം കൂടുകൂട്ടാൻ
സ്ഥലം തരുന്നൊരു മുത്തശ്ശി
ഞങ്ങടെ സ്വന്തം മുത്തശ്ശി

ചെപ്പ്

# എന്റെ നാട്

കാശിനാഥ്




വീടുകളുണ്ട് , മലയുണ്ട്
ഒഴുകിവരുന്ന പുഴയുണ്ട്
പാറീടുന്ന കിളിയുണ്ട്
തുള്ളിക്കളിക്കും മീനുണ്ട്
തേൻ നുകരും പൂമ്പാറ്റയുണ്ട്
മരങ്ങളുണ്ട് ,പൂവുണ്ട്
പച്ചവിരിച്ച വയലുണ്ട്
എന്തൊരു ഭംഗി എൻനാട് .

# VEHICLES

Rithin p k



Car , bus , van vehicles
Car , bus , van vehicles
Pom…pom…pom pom



Lorry , cycle , tractor vehicles
Lorry , cycle , tractor vehicles
Tring…tring…tring  tring



Auto rikshaw , jcb , train
Auto rikshaw , jcb , train
Jhuk…jhuk….jhuk  jhuk















ചെപ്പ്

# നാടിന്റെ ഭംഗി

**മുഹമ്മദ് സിനാൻ കെ കെ**





# ആകെ പൂക്കൾ

തമന്യ അനിൽ വി

വെള്ളപ്പൂക്കൾ മൂന്നെണ്ണം
ചുവന്ന പൂക്കൾ രണ്ടെണ്ണം
എല്ലാം ചേർന്നാൽ അഞ്ചെണ്ണം

മഞ്ഞപ്പൂക്കൾ നാലെണ്ണം
നീലപ്പൂക്കൾ രണ്ടെണ്ണം
എല്ലാം ചേർന്നാൽ ആറെണ്ണം

ഓറഞ്ച് പൂക്കൾ അഞ്ചെണ്ണം
മഞ്ഞപ്പൂക്കൾ രണ്ടെണ്ണം
എല്ലാം ചേർന്നാൽ ഏഴെണ്ണം

ചുവന്ന പൂക്കൾ രണ്ടെണ്ണം
റോസ് പൂക്കൾ രണ്ടെണ്ണം
എല്ലാം ചേർന്നാൽ നാലെണ്ണം



# FLOWERS

വിനായക്




One rose flower
Red red flower
I like flower



Two sun flower
Yellow yellow flower
I like flower




Three daliya flower
White white flower
I like flower

Four lotus flower
Rose rose flower
I like flower






Five shoe flower
Red red flower
I like flower








# എന്റെ മരം

വിനിൽ



മരം
വലിയ മരം
മരത്തിൽ ഇല
ഇല പച്ച
മരങ്ങൾ പലതരം
മരം പഴം തരും
പഴങ്ങൾ പലതരം
മരം തണൽ തരും
മരം ഒരു വരം .



ചെപ്പ്



# അമ്പിളി

അമ്പിളി മാനത്തു വന്നു - മെല്ലേ
അമ്മുവെ നോക്കിച്ചിരിച്ചു
പഞ്ചാരപ്പുഞ്ചിരി കണ്ടു - അമ്മു
മാമനെ മാടി വിളിച്ചു

മാമൻ വരുമ്പോൾ കൊടുക്കാൻ -നല്ല
പാലും ,പഴവുമൊരുക്കീ
ഐസ്ക്രീമു വാങ്ങി വച്ചില്ല - വേഗം
ജലദോഷം വരുമെന്നറിയാം .

മാമൻ വരുമ്പോൾ കൊടുക്കാൻ - ചൂട്
നെയ്യപ്പം അമ്മുവൊരുക്കീ
ചോക്ലേറ്റ് വാങ്ങി വച്ചില്ല - പല്ലു
വേദന വരുമെന്നറിയാം

മാമൻ വരുമ്പോൾ കൊടുക്കാൻ - പുത്തൻ
കളിപ്പാട്ടം അമ്മുവൊരുക്കീ
പ്ലാസ്റ്റിക്ക് വാങ്ങി വച്ചില്ല - എല്ലാം
നല്ലതല്ലെന്നമ്മൂനറിയാം



വൈഗ .വി .കെ